**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5590** **03-11-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ വി ജോയി,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. കെ.വി.സുമേഷ്** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കാലികമായി നവീകരിക്കുന്നതിനും ആവശ്യമായ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ (സെൻ കമ്മിറ്റി) ശിപാർശകളുടെ അടിസ്ഥാനത്തിൽ പാസാക്കിയ ഭേദഗതി നിയമങ്ങൾ ജനങ്ങളുടെ സമ്പൂർണ്ണ പങ്കാളിത്തമുള്ള പ്രാദേശിക ആസൂത്രണത്തിന് നിയമപരമായ ചട്ടക്കൂട് ഒരുക്കിയിട്ടുണ്ട്. അതിനാൽ പ്രത്യേക നിയമ നിർമ്മാണം ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. എന്നാൽ പദ്ധതി ആസൂത്രണ ചട്ടങ്ങൾ (Plan Rules) രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കാലികമായി നവീകരിക്കുന്നതിനും സംസ്ഥാന ആസൂത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഓരോ പഞ്ചവത്സര പദ്ധതിയിലും വർക്കിങ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കുകയും അവയുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പദ്ധതി മാർഗ്ഗരേഖകളിൽ ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്യാറുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി ജില്ലാ ആസൂത്രണ സമിതികൾ നടത്തുന്ന പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഭരണഘടനാ സ്ഥാപനമായ ജില്ലാ ആസൂത്രണ സമിതികളുടെ പ്രവർത്തനം സർക്കാർ കാലാകാലങ്ങളിൽ വിലയിരുത്താറുണ്ട്. ജില്ലാ ആസൂത്രണ സമിതികളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2006-ൽ ജില്ലാ പ്ലാനിംഗ് ഓഫീസ്, ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസ്, സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് എന്നീ മൂന്ന് ഓഫീസുകൾ ഉൾപ്പെടുത്തിക്കൊണ്ട് ടെക്നിക്കൽ സെക്രട്ടേറിയറ്റ് രൂപീകരിച്ചു. ജില്ലാ ആസൂത്രണ സമിതികൾക്ക് ആവശ്യമായ പിന്തുണാ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 2019 ൽ ജില്ലാ |

| | | | |
|---|---|---|---|
| | | | റിസോഴ്സ് സെന്ററുകൾക്കും രൂപം നൽകിയിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണത്തെ ബലപ്പെടുത്തുന്നതിന് ജില്ലാ ആസൂത്രണ സമിതികളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സാങ്കേതിക സഹായം നൽകുന്നതിനുമുള്ള നടപടികൾ പതിനാലാം പഞ്ചവൽസര പദ്ധതിയിലും തുടരുന്നതാണ്. ഇതിനായി രൂപീകരിച്ചിട്ടുള്ള വർക്കിങ് ഗ്രൂപ്പുകൾ ജില്ലാ ആസൂത്രണ സമിതികളെ ശക്തിപ്പെടുത്താൻ ആവശ്യമായ നടപടികൾ ചർച്ച ചെയ്തിട്ടുണ്ട്. |
| (സി) | വകുപ്പിന്റെ കാര്യക്ഷമതയോടെയുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിന് എന്തെല്ലാം ഗവേഷണ പരിപാടികൾക്കാണ് രൂപം നൽകിയിരിക്കുന്നതെന്ന് അറിയിക്കാമോ; | (സി) | കഴിഞ്ഞ 25 വർഷത്തെ ജനകീയാസൂത്രണത്തിന്റെ അനുഭവ സമ്പത്തിനെ അടിസ്ഥാനമാക്കി പതിനാലാം പഞ്ചവൽസര പദ്ധതി പ്രവർത്തനം രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. പതിനാലാം പഞ്ചവൽസര പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വികേന്ദ്രീകൃതാസൂത്രണവുമായി ബന്ധപ്പെട്ട് "വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയ, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വികസന രംഗത്തെ ഇടപെടലുകൾ, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സേവനങ്ങളുടെ വിതരണം, തദ്ദേശ ഭരണ സ്ഥാപനങ്ങളും കാർഷിക വികസനവും, ഭവനമേഖല, നഗരാസൂത്രണം" എന്നീ വിഷയങ്ങളിൽ 6 വർക്കിങ് ഗ്രൂപ്പുകൾ സംസ്ഥാന ആസൂത്രണ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. പ്രാദേശിക ആസൂത്രണവും പ്രാദേശിക ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനാണ് ഇവ രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത മേഖലകളിൽ പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനം ശാക്തീകരിക്കുന്നതിനുള്ള പരിപ്രേക്ഷ്യവും നിർദ്ദേശങ്ങളും തയ്യാറായി വരുന്നു. വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ സവിശേഷ ശ്രദ്ധ വേണ്ട വിഷയങ്ങൾ കൂടുതൽ ആഴത്തിൽ പഠിക്കുന്നതിന് സംസ്ഥാന പ്ലാനിംഗ് ബോർഡ് പരിപാടികൾ തയ്യാറാക്കി വരുന്നുണ്ട്. മുൻ വർഷങ്ങളിലെ അനുഭവങ്ങൾ വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ നേട്ടങ്ങൾ കൂടുതൽ ബലപ്പെടുത്തിയും പോരായ്മകൾ പരിഹരിച്ചും മുന്നോട്ടു പോകുക എന്ന സമീപനമായിരിക്കും പതിനാലാം പഞ്ചവൽസര പദ്ധതിയിൽ സ്വീകരിക്കുക. |
| (ഡി) | നഗരാസൂത്രണം, നഗരാധിവാസം, പൈതൃകസംരക്ഷണം, ഗതാഗത സംവിധാനം എന്നിവ സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | നിലവിൽ പതിനാലാം പദ്ധതിയുടെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡ്, 'നഗരാസൂത്രണം' എന്ന വിഷയത്തിൽ രൂപീകരിച്ചിട്ടുള്ള വർക്കിങ് ഗ്രൂപ്പ്, നഗരാസൂത്രണം, നഗരാധിവാസം, പൈതൃക സംരക്ഷണം, ഗതാഗത സംവിധാനം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുകയും നിലവിലെ അവസ്ഥകൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ആയത് സംബന്ധിച്ച റിപ്പോർട്ടുകൾ തയ്യാറായി വരുന്നു. സംസ്ഥാനത്തെ 93 നഗരസഭ പ്രദേശങ്ങളുടെയും ആസൂത്രിത വികസനത്തിനായി, കേരള നഗര ഗ്രാമാസൂത്രണ ആക്റ്റിന്റെ വ്യവസ്ഥകൾ പ്രകാരം 'മാസ്റ്റർപ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കൽ' എന്ന പ്ലാൻ പദ്ധതിയുടെ കീഴിൽ മാസ്റ്റർപ്ലാനുകൾ തയ്യാറാക്കി വരികയാണ്. ഇതിന്റെ ഭാഗമായി സാമ്പത്തിക അടിസ്ഥാനം, കൃഷി, വ്യാപാരം, വാണിജ്യം, ഭവന നിർമ്മാണം, ഗതാഗതം, വിദ്യാഭ്യാസം, പൈതൃക സംരക്ഷണം, പ്രകൃതി ദുരന്ത സാദ്ധ്യത പ്രദേശങ്ങൾ, ജനസംഖ്യാപഗ്രഥനം, പരിസ്ഥിതി, വിനോദ സഞ്ചാരം തുടങ്ങിയ വിവിധ മേഖലകളിൽ പഠനം നടത്തി, അതിന്റെ അടിസ്ഥാനത്തിൽ ഏകദേശം ഇരുപത് വർഷക്കാലയളവിലേക്കുള്ള ദീർഘ കാല വീക്ഷണത്തോടു കൂടിയ വികസന സങ്കൽപ്പവും നയങ്ങളും രൂപീകരിക്കുന്നതിനെ ആസ്പദമാക്കി ഭൂവിനിയോഗം, മറ്റു മേഖലാ വികസന നിർദ്ദേശങ്ങൾ, മേഖലാ നിയന്ത്രണങ്ങൾ എന്നിവ തയ്യാറാക്കുന്നു. കേരളത്തിലെ പൈതൃക പ്രാധാന്യമുള്ള പ്രദേശങ്ങൾ കണ്ടെത്തി അവയുടെ പൈതൃക മൂല്യങ്ങൾ നിലനിർത്തിക്കൊണ്ട് ആപ്രദേശത്തെ ഭൂവികസനങ്ങൾ, നിർമ്മാണങ്ങൾ എന്നിവ സംബന്ധിച്ച് ആവശ്യമായ നിർദേശങ്ങൾ നൽകുന്നതിനും പൈതൃക പ്രാധാന്യമുള്ള നിർമിതികളും പ്രദേശങ്ങളും സംരക്ഷിക്കുന്നതിനും ലക്ഷ്യമിട്ട് Art and Heritage കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, കിലയിൽ അർബൻ ചെയർ സ്ഥാപിച്ച്, നഗരവൽക്കരണ സംബന്ധിയായ കൂടുതൽ പഠന, ഗവേഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ